# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 133

21/01/2014-ൽ മറുപടിയ്ക്ക്

### ഹോർട്ടികോർപ്പറേഷന്റെ ഇടപാടുകളിലെ ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. സി. കൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികോർപ്പറേഷന്റെ ഇടപാടുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഉയർന്നു വന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറികൾ വാങ്ങി കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് എത്തിക്കുക എന്ന ലക്ഷ്യം മറന്നു കൊണ്ട് കോർപ്പറേഷൻ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ നേരിട്ട് കർഷകരിൽ നിന്നും സംഭരിക്കുകയും, കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ തമിഴ്നാട്ടിലെ കർഷകരിൽ നിന്നും മൊത്തവ്യാപാര വിപണികളിൽ നിന്നും നേരിട്ട് സംഭരിക്കുകയാണ് പതിവ്. കൂടാതെ സവാള, ഉള്ളി എന്നിവ മഹാരാഷ്ട്രയിലെ നാസിക്കിൽ നിന്നും കുറഞ്ഞവിലയ്ക്ക് സംഭരിക്കാറുണ്ട്. |
| സി) ഇടനിലക്കാരിൽ നിന്നും മൊത്തക്കച്ചവടക്കാരിൽ നിന്നും പച്ചക്കറി വാങ്ങുന്നതും അതിൽ തട്ടിപ്പ് നടക്കുന്നതുമായി പുറത്തുവന്ന ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിക്കുകയുണ്ടായോ; | സി) ഉണ്ട്. ടി വിഷയം സംബന്ധിച്ച് ലഭിച്ച പരാതി സർക്കാർ പരിശോധിച്ചു വരികയാണ്. |
| ഡി) വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പച്ചക്കറികൾ വിൽക്കേണ്ടി വന്ന സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ; | ഡി) അങ്ങനെയൊരു സാഹചര്യം ഉണ്ടായിട്ടില്ല. പൊതു വിപണിയിലേക്കാൾ വില കുറച്ചാണ് ഹോർട്ടികോർപ്പിൽ പച്ചക്കറികൾ വില്ക്കുന്നത്. |

ഇ) ഉദ്ദേശ്യലക്ഷ്യത്തിൽ നിന്നും അകന്ന് ക്രമക്കേടുകളോടെ പ്രവർത്തിച്ച ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കുമോ?

ഇ) ഉദ്ദേശ ലക്ഷ്യത്തിൽ നിന്നും ഹോർട്ടികോർപ്പ് മാറി പ്രവർത്തിച്ചിട്ടില്ല. ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിച്ച്, കർഷകർക്ക് ആദായകരമായ വില നേരിട്ട് നൽകി, പഴം പച്ചക്കറികൾ സംഭരിക്കുകയും, പൊതു ജനങ്ങൾക്ക് ന്യായവിലയ്ക്ക് വിപണിയിൽ എത്തിക്കുകയുമാണ് ഹോർട്ടികോർപ്പിന്റെ ഉദ്ദേശ ലക്ഷ്യം.

**സെക്ഷൻ ഓഫീസർ**